**August: 5**

# KGBEU OU ബുള്ളറ്റിൻ 42/2022

സഖാക്കളെ,

## വിഷയം: പ്രതിഷേധം

ന്യായമായ ആവശ്യങ്ങൾക്ക് വേണ്ടി സംഘടനാ നേതൃത്വം ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഇന്നലെ വരെ നാം അനുഭവിച്ച ആനുകൂല്യങ്ങളും സൗകര്യങ്ങളും നിഷേധിച്ചു കൊിരിക്കുന്ന മാനേജ്മെന്റിനെതിരെ പ്രതിഷേധിക്കുന്ന ജീവനക്കാരെ, പോലീസ് സന്നാഹങ്ങളെ ഉൾപ്പെടെ വിളിച്ചു കൊണ്ട് അടിച്ചമർത്താനാണ് മാനേജ്മെന്റ് ശ്രമിച്ചത്. വരാനിരിക്കുന്നത് സമാധാനപരമായ ദിനങ്ങളല്ല എന്നാണ് തെളിയിക്കപ്പെട്ടു കൊണ്ടിരിക്കുന്നത്. ന്യായമായ ആവശ്യങ്ങൾക്ക് വേപ്പോലും ദിനംപ്രതി സമരം ചെയ്യേണ്ടി വരുന്ന നിലവിലുള്ള അവസ്ഥയിൽ, മാനേജ്മെന്റ് അവരുടെ മുട്ടാപ്പോക്ക് നയം തുടരുന്ന സാഹചര്യത്തിൽ മലപ്പുറത്ത് എത്തിച്ചേരാൻ കഴിയുന്ന പരമാവധി സഖാക്കൾ വൈകുന്നേരത്തോടു കൂടി ഹെഡ് ഓഫീസിൽ എത്തിച്ചേരണം എന്ന് അഭ്യർത്ഥിക്കുന്നു. ജീവനക്കാർക്കെതിരായ കടന്നാക്രമണങ്ങളെ എന്ത് വില കൊടുത്തും ശക്തമായി ചെറുക്കാൻ നാം ബാധ്യസ്ഥരാണ്. അത് നാം നിറവേറ്റുക തന്നെ ചെയ്യും.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ